ഖുത്ബ
26.1.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അർറഹ്മാൻ
# ചോദിക്കാതെ നല്കുന്നവൻ (3)

**ഇ**ന്നത്തെ ഖുത്ബയിലും അല്ലാഹുവിന്റെ ഗുണനാമമായ 'റഹ്മാൻ' എന്ന വിഷയം തന്നെ യാണ് വിവരിക്കുന്നത്. എന്നാൽ, ഇന്ന് ഹദീസുകൾ ഉദ്ധരിച്ചുകൊണ്ടാണ് ഇത് സംബന്ധമായി സംസാ രിക്കുന്നത്. അല്ലാഹുവിന്റെ സവിശേഷഗുണമായ കാരുണ്യത്തെക്കുറിച്ച് വിവരിക്കുന്ന അസംഖ്യം ഹദീ സുകളുണ്ട്. അവയിൽ ചിലത് ഞാൻ തിരഞ്ഞെടു ത്തിരിക്കുന്നു. ഇവയിൽ നബി(സ) തിരുമേനി ഇതി നെക്കുറിച്ച് നമുക്ക് നല്കിയിട്ടുള്ള ഉപദേശങ്ങളും അല്ലാഹുവിന്റെ ഈ സവിശേഷഗുണത്തിന്റെ വിവിധ കോണുകളിലൂടെയുള്ള വിശദീകരണങ്ങളും ഉണ്ട്. ഈ സവിശേഷഗുണത്തെക്കുറിച്ച് ശരിയായ അറിവ് നമുക്ക് ലഭിക്കുന്നതിനുവേണ്ടിയാണിത്. ഈ ഹദീസുകൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വെളിച്ചത്തെ നമ്മളിലേക്ക് ആകർഷിച്ചെടുക്കണം. അവനോട് നന്ദി കാണിക്കുന്ന ദാസരും അവന്റെ മുമ്പിൽ സദാ പ്രണമിക്കുന്നവരുമാക്കിനിർത്തണം. നമ്മുടെ ശരീരത്തിന്റെ ഓരോ അംശവും അവന്റെ കാരുണ്യത്തിന് നന്ദി പറയണം. അതിനോടൊപ്പം പാപികളായ നമുക്ക് പരമകാരുണികനായ അല്ലാഹു വുമായി ബന്ധം സ്ഥാപിക്കുന്നതിന് വിവിധ രീതി യിൽ ഉപദേശിച്ച് അറിവും ബോധവും പകർന്നു നല്കുകയും, തന്റെ മാതൃക സ്ഥാപിച്ചുകൊണ്ട് ആ വഴിയിലൂടെ നടക്കാൻ നമ്മെ ഉപദേശിക്കുകയും ചെയ്ത മുഴുലോകത്തിനും കാരുണ്യമായ ആ നബി യുടെമേൽ സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധയു ണ്ടാക്കുന്നതുമാവണം. ഹദീസുകൾ സമർപ്പിക്കുന്ന തിനു മുമ്പേ ഈ സവിശേഷഗുണം നബി(സ) സ്വായ ത്തമാക്കിയതിനെ സംബന്ധിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഒരു ഉദ്ധരണി കേൾപ്പിക്കുക യാണ്. അവിടന്ന് പറയുന്നു: 'പരമകാരുണികതയുടെ സമ്പൂർണ്ണപ്രതീകം മുഹമ്മദ്(സ) ആണ്. കാരണം മുഹമ്മദ് എന്നതിന്റെ അർത്ഥം ഒരുപാട് സ്തുതിക്ക പ്പെട്ടവൻ എന്നാണ്. റഹ്മാൻ എന്നതിന്റെ അർത്ഥം പ്രതിഫലേച്ഛ ഒന്നും കൂടാതേയും ആരും ചോദിക്കാ തേയും വകഭേദമൊന്നും കാണിക്കാതേയും വിശ്വാ സികൾക്കും അവിശ്വാസികൾക്കും നല്കുന്നവൻ. ചോദിക്കാതെ കൊടുക്കുന്നവനെ തീർച്ചയായും സ്തുതിക്കുമെന്നത് വ്യക്തമായ കാര്യമാണ്. മുഹമ്മ ദിൽ(സ) പരമകാരുണികതയുടെ വെളിച്ചം ഉണ്ടാ യിരുന്നു."

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറിവും ബോധവും അവിടത്തെ വചനങ്ങളുടെ മനോഹാരിതയും. തന്റെ യജമാനരായ ഹദ്റത്ത് മുഹ മ്മദ് മുസ്തഫാ(സ)യെക്കുറിച്ചുള്ള ശരിയായ സ്ഥാനം മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടിയിൽ ഇതാ യിരുന്നു. ഇതിനോളമെത്താൻ മറ്റാർക്കും സാധ്യമ ല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഈ പര മകാരുണികതയുടെ വെളിച്ചം, അല്ലാഹു എങ്ങനെ യാണ് തന്റെ വെളിച്ചം കാണിക്കുന്നതെന്നതിനെക്കു റിച്ച് പ്രതിപാദിക്കുന്ന ഹദീസുകളിൽ നമുക്ക് കാണാൻ കഴിയും. നബി(സ) തിരുമേനി ഈ മഹ നീയ ഗുണത്തെക്കുറിച്ച് പറയുമ്പോൾ, അവിടത്തെ വാക്കുകൾക്ക് ഒരു പ്രത്യേക നിറമുള്ളതായി കാണാം. അല്ലാഹുവിന്റെ സൃഷ്ടികൾ, കാരുണ്യം എന്ന ഈ സവിശേഷഗുണത്തിൽനിന്ന് കൂടുതൽ കൂടുതൽ ഫലമെടുക്കുന്നതിനു വേണ്ടിയാണിത്; സത്യവിശ്വാസികൾ കൂടുതൽ കൂടുതൽ അനുഗ്രഹ മെടുക്കുന്നതിനു വേണ്ടിയാണിത്. മൃഗങ്ങളോട് എങ്ങനെ കാരുണ്യത്തോടെ പെരുമാറണം എന്ന് പ്രതിപാദിക്കുന്ന ചില ഹദീസുകളുമുണ്ട്. അവി ടെയും ഈ റഹ്മത്തുൻല്ലിൽ ആലമീന്റെ കാരുണ്യ വികാരം, റഹ്മാനായ ദൈവത്തിന്റെ ആ സൃഷ്ടി കൾക്കായി, അവയുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നതി നായി എത്രമാത്രം അസ്വസ്ഥനാകുന്നു എന്ന് പ്രക ടിപ്പിക്കുന്നു. കഴിഞ്ഞ ഖുത്ബയിൽ ഒരു ഹദീസ് ഉദ്ധരിച്ചുകൊണ്ട് നബി(സ) തിരുമേനിയുടെ ഈ അസ്വസ്ഥതയെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു; അല്ലാ ഹുവിന്റെ മഹനീയഗുണമായ കാരുണ്യം ഉണ്ടായിട്ടും എന്തുകൊണ്ട് ജനങ്ങൾ തങ്ങളുടെ ദൗർഭാഗ്യത കാരണത്താൽ അവന്റെ ശിക്ഷയ്ക്കിര യാകുന്നു എന്നതിനെക്കുറിച്ച്. ഇത് സംബന്ധമായി ഹദീസിൽ പറയുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. സത്യവാനും സത്യസാക്ഷിതനും ഖാസി മിന്റെ പിതാവും കുടിലിൽ വസിക്കുന്നയാളുമായ നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു. "കാരുണ്യം പിൻവലിക്കപ്പെടുന്നത് നിർഭാഗ്യത കൊണ്ടുമാത്രമാണ്."

ഈ ഹദീസിൽ കാരുണ്യം പിൻവലിക്കപ്പെടുന്നത് നിർഭാഗ്യത കൊണ്ടുമാത്രമാണെന്ന താക്കീതിനോടൊപ്പം അല്ലാഹുവിന്റെ വിശാലമായ കാരുണ്യത്തെക്കുറിച്ച് സുവാർത്തയും നബി(സ) നൽകിയിട്ടുണ്ട്. അതായത് അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാത്തവർ അവന്റെ കാരുണ്യത്തിൽനിന്ന് പിന്തള്ളപ്പെടുകയില്ല. കാരണം, ആ പരിധികളെ ലംഘിക്കുന്നവർക്കാണ് ഈ കാരുണ്യം നിഷേധിക്കപ്പെടുന്നത്. അതുകൊണ്ട് ഒരു സത്യവിശ്വാസിയുടെ ആഗ്രഹവും പരിശ്രമവും അല്ലാഹുവിന്റെ മഹനീയഗുണമായ കാരുണ്യത്തിലും മറ്റു ഗുണങ്ങളിലും ഭാഗഭാക്കാകുന്നതിനായിരിക്കണം; അല്ലാഹുവിന്റെ അനുഗ്രഹത്തിന് കൂടുതൽ കൂടുതൽ അവകാശികളായിത്തീരുന്നതിനു വേണ്ടിയാണിത്.

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. നബി (സ) പറഞ്ഞു: "സത്യവിശ്വാസിക്ക് അല്ലാഹുവിന്റെ പിടിത്തത്തേയും ശിക്ഷയേയും കുറിച്ച് അറിവുണ്ടായാൽ ഒരാളും സ്വർഗ്ഗം ആഗ്രഹിക്കുകയില്ല. അപ്രകാരം അവിശ്വാസി അല്ലാഹുവിന്റെ പക്കൽ എത്ര കാരുണ്യമുണ്ടെന്ന്- അറിയുന്നപക്ഷം ഒരാളും അവന്റെ സ്വർഗ്ഗത്തെത്തൊട്ട് നിരാശപ്പെടുകയുമില്ല. കാരുണ്യം അല്ലാഹു നൂറ് ഭാഗമായി സൃഷ്ടിച്ചു. അവയിൽ ഒരു ഭാഗം സൃഷ്ടികളിൽ നിക്ഷേപിച്ചു. അതുമുഖേന അവർ പരസ്പരം കരുണ കാണിക്കുന്നു. കാരുണ്യത്തിന്റെ 99 ഭാഗം അല്ലാഹുവിന്റെ പക്കലുണ്ട്."

മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടിജാലങ്ങളിലെല്ലാം നാം കാണുന്നത് കാരുണ്യത്തിന്റെ ആ ഒരു ഭാഗം മാത്രമാണ്. ഇതിന്റെ ഉദ്ദേശ്യം സത്യവിശ്വാസിയായ ശേഷം കാരുണ്യം തടയപ്പെടുമെന്നല്ല. സത്യവിശ്വാസിക്ക് അല്ലാഹുവിന്റെ പിടിത്തത്തേയും ശിക്ഷയേയും കുറിച്ച് അറിവുണ്ടായാൽ, ഒരാളും സ്വർഗ്ഗം ആഗ്രഹിക്കുകയില്ല. അപ്രകാരം അവിശ്വാസി അല്ലാഹുവിന്റെ പക്കൽ എത്ര കാരുണ്യമുണ്ടെന്ന് അറിയുന്നപക്ഷം ഒരാളും അവന്റെ സ്വർഗ്ഗത്തെതൊട്ട് നിരാശപ്പെടുകയില്ല, എന്നു പറഞ്ഞതിൽനിന്ന് അങ്ങനെയൊരു ധാരണയുണ്ടാകാം. സത്യവിശ്വാസിക്ക് പ്രതീക്ഷയൊന്നുമില്ലെന്നാണെങ്കിൽ, പിന്നെ ആരും വിശ്വസിക്കാൻ ധൈര്യം കാണിക്കുകയില്ല. ഇതിന്റെ ഉദ്ദേശ്യം, സത്യവിശ്വാസി ഭക്തികൊണ്ടും, മറ്റു ദൈവികഗുണങ്ങളെക്കുറിച്ച് അറിവുള്ളതുകൊണ്ടും ഏതെങ്കിലും തെറ്റായ കർമ്മഫലമായി അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിക്കേണ്ടിവരുമോ എന്ന് ഭയപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് എപ്പോഴും നേരായ മാർഗ്ഗത്തിലൂടെ നടക്കുന്നതിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനും വേണ്ടി, അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. സ്വർഗ്ഗത്തിന്റെ അവകാശികളായിക്കൊണ്ടുപോകാൻ, അല്ലാഹു അവനോട് ചോദിക്കേണ്ട പ്രാർത്ഥനയും നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ഉദാഹരണത്തിന് സൂറഃ അഅ്റാഫിൽ അല്ലാഹു ഈ ദുആ പഠിപ്പിച്ചു.

***റബ്ബനാ ളലംനാ അൻഫുസനാ വഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽഖാസിരീൻ***. ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റുചെയ്തുപോയി. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണ കാട്ടുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകും. (7:24)

യഥാർത്ഥ സത്യവിശ്വാസി, അല്ലാഹുവിന്റെ കാരുണ്യം എല്ലായിടത്തും വലയം ചെയ്തിരിക്കുന്നു എന്നറിഞ്ഞിട്ടും തന്റെ ഏതെങ്കിലും കർമ്മം തന്നെ അതിൽനിന്ന് തടഞ്ഞുകളയുമോ എന്ന് ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. അത്തരം അവസ്ഥയുണ്ടായാൽ, സത്യവിശ്വാസിയുടെമേൽ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മഴ മറ്റുള്ളവരെക്കാൾ കൂടുതൽ വർഷിക്കാൻ തുങ്ങുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "മനുഷ്യൻ ആന്തരികവും ബാഹ്യവുമായ എല്ലാതരം പാപങ്ങളിൽനിന്നും- അറിയുന്നതാണെങ്കിലും അല്ലെങ്കിലും- പൊറുക്കലിനെ തേടിക്കൊണ്ടിരിക്കേണ്ടതാണ്. ഇക്കാലത്ത് ആദം(അ) ചെയ്തിരുന്ന ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ***റബ്ബനാ ളലംനാ അൻഫുസനാ വഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.*** ഈ ദുആ ആദ്യമേതന്നെ സ്വീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് സത്യവിശ്വാസികൾ ആശങ്കപ്പെടുന്നതോടൊപ്പം, അല്ലാഹു കൂടുതൽ കാരുണ്യം നൽകുന്നതിനായി ദുആയും പഠിപ്പിച്ചിരിക്കുന്നു എന്നോർത്ത് സമാധാനിക്കുകയും വേണം. മറ്റൊരിടത്ത് സത്യവിശ്വാസികളെ ഇങ്ങനെയും സമാധാനപ്പെടുത്തിയിരിക്കുന്നു. ***ലാ തഖ്നത്വൂ മിൻറഹ്മത്തില്ലാഹി*** അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. (39:54) മുകളിൽ ഞാൻ പറഞ്ഞ ഹദീസ് നിരാശപ്പെടുവാനുള്ളതല്ല. അതിന്റെ ഒരു വിശദീകരണം ഞാൻ പറഞ്ഞതാണ്. മറ്റൊന്ന് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഒരു ഭാഗം മറ്റുള്ളവർക്കാണെന്നും 99 ഭാഗം അവന്റെ പക്കലാണെന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ തീർച്ചയായും, മറ്റുള്ളവരേക്കാൾ അധികമായി നിങ്ങൾ ചെയ്യുന്ന കർമ്മങ്ങൾക്ക് അവരേക്കാൾ കൂടുതൽ പ്രതിഫലം നിങ്ങൾക്ക് കിട്ടേ

ണ്ടതുണ്ട്. അതിനെക്കുറിച്ച് നിങ്ങൾ ബോധവാന്മാരും അറിവുള്ളവരുമാണ്.

ആദ്യം പറഞ്ഞ ഹദീസുമായി ചേർന്നു വരുന്ന മറ്റൊരു ഹദീസുണ്ട്. ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. നബി(സ) പറഞ്ഞു: “അല്ലാഹുവിന് നൂറ് കാരുണ്യമുണ്ട്. അവയിൽ ഒരുഭാഗം അവൻ എല്ലാ സൃഷ്ടികളിലും വീതിച്ചു. ഇതുമുഖേന അവർ പരസ്പരം കരുണ കാണിക്കുകയും, അനുകമ്പയോടെ പെരുമാറുകയും ചെയ്യുന്നു. ഇതുകൊണ്ടുതന്നെയാണ് വന്യമൃഗങ്ങൾ തങ്ങളുടെ മക്കളെ സ്നേഹിക്കുന്നത്. ഈ ഒരോഹരി, മനുഷ്യർക്കും മറ്റു മൃഗങ്ങൾക്കും ജീവജാലങ്ങൾക്കും നല്കിയിരിക്കുകയാണ്. അവൻ 99 കാരുണ്യവും തന്റെ കൈയിൽ വെച്ചിരിക്കുന്നു. അതുമുഖേന, പുനരുത്ഥാന നാളിൽ അവൻ തന്റെ ദാസരുടെമേൽ കരുണ കാണിക്കും.

ആ കാരുണ്യത്തെ കരസ്ഥമാക്കാൻ സാധിക്കാത്തത് മനുഷ്യന്റെ ദൗർഭാഗ്യമാണെന്ന് ആദ്യത്തെ ഹദീസിൽ നബി(സ) പറയുകയുണ്ടായി. ഇങ്ങനെയൊക്കെയായിട്ടും ആ കാരുണ്യം കരസ്ഥമാക്കുന്നില്ലെങ്കിൽ അത് നിർഭാഗ്യം തന്നെയാണ്. അല്ലാഹുവിനോട് എപ്പോഴും കരുണ ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഈ കരുണ തടയപ്പെടുന്ന ഒരു കർമ്മവും അറിഞ്ഞുകൊണ്ട്, മനഃപൂർവ്വം ചെയ്യാൻ പാടില്ല.

അല്ലാഹു എങ്ങനെയാണ് തന്റെ ദാസരുടെ മേൽ കരുണ ചൊരിയുന്നത്, എന്നതിനുള്ള രണ്ടുദാഹരണം പറയാം. ഇതിൽനിന്ന് എങ്ങനെയാണ് അല്ലാഹുവിന്റെ കാരുണ്യം എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നതെന്ന് കണക്കാക്കാൻ കഴിയും.

ഹദ്റത്ത് അബൂസഈദ്(റ) പറയുന്നു. നബി (സ) തിരുമേനി ഒരാളെക്കുറിച്ച് പറഞ്ഞുകൊണ്ട് പറഞ്ഞു: “നിങ്ങൾക്കുമുമ്പേ അല്ലാഹു ഒരാൾക്ക് സമ്പത്തും സന്തതികളും നല്കി. അയാളുടെ മരണ സമയം ആസന്നമായപ്പോൾ, അയാൾ തന്റെ മകനോട് പറഞ്ഞു, നിന്റെ പിതാവ് എങ്ങനെയാണ് നിന്നോട് പെരുമാറിയിരുന്നത്? ഏറ്റവും നല്ലരീതിയിൽ എന്ന് അവൻ ഉത്തരം നൽകി. എന്നാൽ, ഞാൻ അല്ലാഹുവിന്റെ പക്കൽ ഒരു നന്മയും ചെയ്തുവെച്ചിട്ടില്ല. ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കപ്പെടുമ്പോൾ, അവൻ എന്നെ ശിക്ഷിക്കും. അതുകൊണ്ട് ശ്രദ്ധിച്ചുകേൾക്കുക. ഞാൻ മരിച്ചാൽ എന്നെ ദഹിപ്പിക്കണം. ഞാൻ കരിയായിത്തീർന്നാൽ എന്നെ പൊടിക്കണം. പിന്നീട് ശക്തമായ കാറ്റടിക്കുമ്പോൾ എന്റെ ചാരം കാറ്റിൽ പറത്തിക്കളയണം. ഇങ്ങനെതന്നെ ചെയ്യുമെന്ന് തന്റെ മകനിൽനിന്ന് ദൃഢതരമായ ഉറപ്പ് ആ പിതാവ് വാങ്ങി.” നബി(സ) പറയുന്നു: “എന്റെ രക്ഷിതാവാണ! ആ മകൻ അങ്ങനെ തന്നെ ചെയ്തു. പിന്നീട് അല്ലാഹു അയാളുടെ ചാരം ഒരുമിച്ചുകൂട്ടി. അപ്പോൾ അയാൾ എഴുന്നേറ്റുനിന്നു. എന്റെ ദാസാ, ഏതൊരു കാര്യമാണ് അങ്ങനെ ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്ന് അല്ലാഹു അയാളോട് ചോദിച്ചു. അയാൾ പറഞ്ഞു: നിന്നോടുള്ള ഭയമാണ് എന്നെക്കൊണ്ട് അത് ചെയ്യിച്ചത്. അപ്പോൾ അല്ലാഹു അയാളെ വിടുകയും കരുണ ചൊരിയുകയും ചെയ്തു.” അയാൾക്ക് പൊറുത്തുകൊടുത്തു.

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂസഈദ്(റ) പറയുന്നു. നബികരീം(സ) പറഞ്ഞു. തൊണ്ണൂറ്റൊമ്പതാളെ കൊല ചെയ്ത ഒരു മനുഷ്യൻ ബനീഇസ്റായീലിൽ ഉണ്ടായിരുന്നു. പിന്നീടയാൾ, തൗബ- പശ്ചാത്താപത്തെക്കുറിച്ച് ചോദിക്കുന്നതിനായി ഇറങ്ങിപ്പുറപ്പെട്ടു. അങ്ങനെ ഒരു സന്യാസിയുടെയടുക്കൽ വന്ന് ചോദിച്ചു. ഇനി പശ്ചാത്തപിച്ചാൽ അത് സ്വീകരിക്കപ്പെടുമോ? ഇതുവരെയായി തൊണ്ണൂറ്റൊമ്പതാളെ കൊലചെയ്തിട്ടുണ്ട്. ‘വലിയ പാപിയാണ് പൊറുക്കപ്പെടുകയില്ലെന്ന്’ ആ സന്യാസി മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തേയും കൂടി കൊലപ്പെടുത്തിക്കൊണ്ട് നൂറെണ്ണം പൂർത്തിയാക്കി. അതിനുശേഷം പലരോടും തുടർച്ചയായി അയാൾ അതിനെക്കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. ഇന്ന സ്ഥലത്ത് പോകാനും അവിടെയുള്ള ഒരു മഹാത്മാവിനെ ചെന്നു കാണാനും ഒരാൾ അയാളോട് പറഞ്ഞു. അങ്ങനെ പോകുമ്പോൾ വഴിയിൽവെച്ച് അയാൾ മരിച്ചു. താൻ മരിക്കാൻ പോകുകയാണെന്ന് കണ്ടപ്പോൾ അയാൾ തന്റെ നെഞ്ചുഭാഗം ആ മഹാത്മാവ് ജീവിക്കുന്ന സ്ഥലത്തേക്ക് തിരിച്ചിരുന്നു. അയാൾ മരിച്ചു കഴിഞ്ഞപ്പോൾ കാരുണ്യത്തിന്റേയും ശിക്ഷയുടേയും മലക്കുകൾ അദ്ദേഹത്തിന്റെ കാര്യത്തിൽ പരസ്പരം കലഹിച്ചു. അതായത്, എങ്ങോട്ട് കൊണ്ടുപോകണമെന്ന കാര്യത്തിൽ തർക്കിച്ചു. റഹ്മത്തിന്റെ മലക്കുകൾ പറഞ്ഞു: അദ്ദേഹം പശ്ചാത്തപിച്ചുകൊണ്ട് അല്ലാഹുവിന്റെ സത്യമാർഗ്ഗമന്വേഷിച്ച് പോകുകയായിരുന്നു, അതുകൊണ്ട് ഞങ്ങൾ കൊണ്ടുപോകും. ശിക്ഷയുടെ മലക്കുകൾ പറഞ്ഞു: അവൻ യാതൊരുവിധ നന്മയും ചെയ്തിട്ടില്ലാത്ത അക്രമിയാണ്. അതുകൊണ്ട് ഞങ്ങൾ കൊണ്ടുപോകും. ഏതൊരു സ്ഥലത്തേക്കാണോ അയാൾ പോയിക്കൊണ്ടിരുന്നത്, ആ സ്ഥലത്തിനോട് അയാളുടെ അടുത്തേക്ക് വരാൻ അല്ലാഹു കല്പിച്ചു. ഏതൊരു സ്ഥലത്തുനിന്നാണോ അയാൾ പുറപ്പെട്ടത്, ആ

സ്ഥലത്തിനോട് അകന്നുപോകുക എന്നും പറഞ്ഞു. പിന്നീട്, ഈ സ്ഥലങ്ങൾക്കിടയിലുള്ള ദൂരം അളക്കാൻ അല്ലാഹു മലക്കുകളോട് കല്പിച്ചു. അയാൾ എങ്ങോട്ടാണോ പൊയ്ക്കൊണ്ടിരുന്നത് ആ സ്ഥലത്തേക്ക് ഒരു ചാൺ അധികം അടുത്തിരിക്കുന്നതായി കണ്ടെത്തി. അങ്ങനെ അയാൾക്ക് പൊറുത്തുകൊടുത്തു.

ഇതാണ് അല്ലാഹുവിന്റെ കാരുണ്യം. പക്ഷേ, ഒരു കാര്യം ഓർമ്മിക്കണം. പിടിവാശിയാൽ പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവന് അല്ലാഹു ശിക്ഷയെ കുറിച്ചും പറഞ്ഞുകൊടുത്തിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യങ്ങളേയും അവന്റെ അനുഗ്രഹങ്ങളേയും സ്വരുക്കൂട്ടുന്നതിന്, അതിലേക്ക് ചുവടുകൾ നീങ്ങാൻ തുടങ്ങേണ്ടതും നിർബന്ധമാണ്. പാപത്തെക്കുറിച്ച് ബോധമുണ്ടായിക്കഴിഞ്ഞാൽ, അവന്റെ കാരുണ്യവും പൊറുക്കലും തേടാനും ആ തിന്മയിൽനിന്ന് രക്ഷപ്പെടാനുമുള്ള ശ്രമവും തുടങ്ങണം. എന്നിട്ടാണ് അല്ലാഹു പറഞ്ഞ കാര്യങ്ങളിൽ പ്രതീക്ഷ അർപ്പിക്കേണ്ടത്. അതായത്, ***ലാ തഖ്നത്തൂ മിൻറഹ്മത്തില്ലാഹ്***.

ലോകത്തിന് മുഴുവനും കാരുണ്യമായ നബി(സ)യുടെ ഉപദേശം ഏതുരീതിയിലായിരുന്നുവെന്ന് നോക്കുക. അല്ലാഹുവിന്റെ മഹനീയഗുണമായ കാരുണ്യത്തെക്കുറിച്ച് അവർക്ക് പറഞ്ഞുകൊടുക്കുന്നരീതി. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഒരാൾ വന്നു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ഒരു ചെറിയ മകനും ഉണ്ടായിരുന്നു. അദ്ദേഹം അവനെ തന്നോടു ചേർത്തുപിടിക്കാൻ തുടങ്ങി. നബി(സ) പറഞ്ഞു. താങ്കൾ ഇവനോട് ദയയോടെ പെരുമാറാറുണ്ടോ? ഉണ്ട് എന്ന് അയാൾ മറുപടി പറഞ്ഞു. അവിടന്ന് പറഞ്ഞു: “നീ ഇവനോട് കാണിക്കുന്നതിനേക്കാൾ കൂടുതൽ കരുണ അല്ലാഹു നിന്നോട് കാണിക്കുന്നതായിരിക്കും. കരുണ ചെയ്യുന്നവരേക്കാളെല്ലാം കൂടുതൽ അവൻ കരുണ ചെയ്യുന്നവനാണ്.”

ഇക്കാലത്ത് ഒരുപക്ഷേ, ഇതത്ര കാര്യമാക്കുന്നുണ്ടാകയില്ല. പക്ഷേ, തങ്ങളിൽ എത്രമാത്രം ശാഠ്യമാണ് ഉണ്ടായിരുന്നതെന്ന് അറേബ്യൻ സമൂഹത്തിന്നറിയാം. നബി(സ)ന്റെ ആഗമനത്തിനു മുമ്പേ, വളരെ കുറച്ചാളുകളായിരിക്കും തങ്ങളുടെ കുട്ടികളോട് സ്നേഹത്തോടെ പെരുമാറിയിരുന്നത്. ഒരിക്കൽ നബി(സ) തിരുമേനി തന്റെ മക്കൾക്ക് മുത്തം കൊടുക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്നു. അയാൾ അത്ഭുതത്തോടെ ചോദിച്ചു, അങ്ങ് കുട്ടികൾക്ക് മുത്തം കൊടുക്കുന്നുവോ? അവിടന്ന് പറഞ്ഞു, അതെ. അപ്പോൾ അയാൾ പറഞ്ഞു, എനിക്ക് പത്ത് മക്കളുണ്ട്, ഇന്നേവരെ ആർക്കും ഞാൻ മുത്തം കൊടുത്തിട്ടില്ല. അവിടന്ന് പറഞ്ഞു, അല്ലാഹു നിന്റെ മനസ്സിൽ കാഠിന്യം നിറച്ചിട്ടുണ്ടെങ്കിൽ എനിക്കെന്താണ് ചെയ്യാൻ കഴിയുക.

ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ അംറ്(റ) വിവരിക്കുന്നു. നബി(സ) മിമ്പറിൽ നിന്നുകൊണ്ട് ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. നിങ്ങൾ കരുണ കാണിക്കുക. നിങ്ങളുടെമേൽ കരുണ ചെയ്യപ്പെടും. നിങ്ങൾ പൊറുത്തുകൊടുക്കുക, അല്ലാഹു നിങ്ങൾക്കും പൊറുത്തുതരും. ഒരു ചെവിയിലൂടെ കേൾക്കുകയും മറു ചെവിയിലൂടെ പുറത്തുവിടുകയും ചെയ്യുന്നവർക്ക് നാശം. തങ്ങൾ ചെയ്ത തെറ്റിൽ പിടിവാശിയോടെ മനഃപൂർവ്വം നിലകൊള്ളുന്നവർക്ക് നാശം. നബി(സ) തിരുമേനി പറഞ്ഞ ഈ നിർഭാഗ്യത, ഈ പിടിവാശി കാരണത്താൽ ***വമൻയ്യുഅ്മൽ മിസ്ഖാല ദർത്തിൻ ശർറൻയ്യറ*** എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞകാര്യം ഞാൻ കഴിഞ്ഞ ഖുത്ബയിൽ കേൾപ്പിച്ചിരുന്നതുപോലെ- അവർ ചെയ്തതിന് പകരം ലഭിക്കുന്നു. അവർക്ക് കാരുണ്യം തടയപ്പെടുന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ജരീർബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു. നബി(സ) പറഞ്ഞു: “ജനങ്ങളോട് കരുണ കാണിക്കാത്തവന്റെമേൽ അല്ലാഹു കരുണ കാണിക്കുകയില്ല.”

അതുകൊണ്ട് പരസ്പരമുള്ള ബന്ധങ്ങളിൽ, കുടുംബബന്ധങ്ങൾ ഗൗനിക്കേണ്ടതാണ്. സുഹൃത്ത് ബന്ധങ്ങൾ ഗൗനിക്കേണ്ടതാണ്. അയൽവാസികളുമായുള്ള ബന്ധങ്ങൾ ഗൗനിക്കേണ്ടതാണ്. പരസ്പരമുള്ള കടമകൾ ഗൗനിക്കേണ്ടതാണ്. കാരുണ്യത്തിന്റെ വികാരം മനസ്സിലുണ്ടായിരിക്കേണ്ടതാണ്.

പക്ഷേ, ഇവിടെ ഒരു കാര്യം പറയട്ടെ. കാരണം ഈ വിഷയത്തെക്കുറിച്ച് പൊതുവെ സംസാരിക്കുമ്പോൾ ശിക്ഷയ്ക്കു വിധേയരായവരിൽ അധികമാളുകളുടേയും കത്തുകൾ വരാൻ തുടങ്ങുന്നു. കരുണയെക്കുറിച്ച് പറയുന്നുണ്ട്, പക്ഷേ, ഞങ്ങളോട് കാരുണ്യത്തോടെ പെരുമാറുന്നില്ല എന്ന് പറയുന്നു. നബി(സ) തിരുമേനി സാധാരണ ബന്ധങ്ങളിൽ പരസ്പരം കാരുണ്യത്തോടെ പെരുമാറാൻ ഉപദേശിച്ചു. ഇപ്രകാരം സാധാരണ കാര്യങ്ങളിൽ ജമാഅത്ത് വ്യവസ്ഥിതി വിട്ടുവീഴ്ച ചെയ്യേണ്ടതാണ്. ഇത് കാല

ത്തിന്റെ ഖലീഫയ്ക്കും ബാധകമാണ്. പക്ഷേ, ആരാണോ ഏതെങ്കിലും കാര്യങ്ങളിൽ ശാഠ്യം പിടിച്ചു നില്ക്കുന്നത്, അവരെക്കുറിച്ച് ഞാൻ ആദ്യം പറഞ്ഞിട്ടുള്ളതാണ്, അവർക്ക് ശിക്ഷ കിട്ടിയാൽ, അതിനെ സ്വീകരിക്കേണ്ടതാണ്. നോക്കുക, ഒരു യുദ്ധത്തിൽ ആരോഗ്യമുണ്ടായിട്ടും ചില സ്വഹാബിമാർ പങ്കെടുത്തിരുന്നില്ല. അപ്പോൾ നബി(സ) അവരുമായിട്ടുള്ള ബന്ധം വിച്ഛേദിച്ചു. അവരുടെ ഭാര്യമാരോടും അവരുമായി യാതൊരു ബന്ധവും വയ്ക്കരുതെന്ന് നിർദ്ദേശിച്ചിരുന്നു. അവരിൽ ഒരു വൃദ്ധനായ സ്വഹാബിയുമുണ്ടായിരുന്നു. ഈ ശിക്ഷ അദ്ദേഹത്തെ കൂടുതൽ ക്ഷീണിതനാക്കി. അതുകൊണ്ട് അദ്ദേഹം കിടക്കയിൽതന്നെ കിടന്നു. അദ്ദേഹത്തിന്റെ അവസ്ഥ ഇങ്ങനെയാണ്, അതുകൊണ്ട് ഭക്ഷണം പാകം ചെയ്തുകൊടുക്കാമോ എന്ന് അദ്ദേഹത്തിന്റെ ഭാര്യ നബിയോടു ചോദിച്ചു. കൊടുത്തുകൊള്ളാൻ നബി (സ) പറഞ്ഞു. ആ വ്യക്തിയുടെ അവസ്ഥയെക്കുറിച്ച് നബി(സ) അറിഞ്ഞപ്പോൾ അല്ലാഹുവിൽനിന്ന് അനുമതി കിട്ടുന്നതുവരെ അവിടന്ന് ശിക്ഷ പിൻവലിച്ചില്ല. അവിടന്ന് റഹ്മത്തുൻല്ലിൽ ആലമീനായിരുന്നു എന്ന കാര്യം നാം ഓർക്കണം. അല്ലാഹുവിൽ നിന്ന് അറിയിപ്പുണ്ടാകുന്നതുവരെ ആ ശിക്ഷ അദ്ദേഹം അനുഭവിച്ചു. അതുകൊണ്ട് ഒരുകാര്യത്തിലും ശാഠ്യം പിടിക്കരുതെന്ന കാര്യം ശിക്ഷയ്ക്കു വിധേയരാകുന്നവർ മനസ്സിലാക്കേണ്ടതാണ്. തെറ്റ് ചെയ്താൽ അത് സമ്മതിക്കണം. അല്ലാതെ ശാഠ്യം പിടിച്ചുമുന്നോട്ടു പോകുക എന്നതാകാൻ പാടില്ല. ശാഠ്യം പിടിച്ചാൽ ശിക്ഷ ലഭിക്കും. ശിക്ഷ ലഭിച്ചുകഴിഞ്ഞാലുടൻ കരുണയോടുകൂടി പെരുമാറണം എന്ന ഉദ്ധരണി ഉദ്ധരിക്കാൻ പാടില്ല. അവകാശം ധ്വംസിക്കപ്പെട്ടവർക്ക് അതെന്തായാലും ലഭിക്കേണ്ടതുണ്ട്. ജമാഅത്തിൽ ചില ദുഷ്പ്രവൃത്തികൾ ഉണ്ടാകുമ്പോൾ അതകറ്റപ്പെടേണ്ടതാണ്. ശിക്ഷ എന്നൊന്ന് എന്തായാലും ഉണ്ടല്ലോ. ശിക്ഷ നന്നാക്കാൻ വേണ്ടിയുള്ളതാണ്. അതുകൊണ്ട് ഇതിലും കാരുണ്യത്തിലുമുള്ള വ്യത്യാസം ഓരോരുത്തരും മനസ്സിലാക്കണം. ഇതു ഇടയ്ക്ക് ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

നമ്മെ ഉപദേശിച്ചുകൊണ്ട് നബി(സ) പറയുന്നു. അനസിബ്നു മാലിക്(റ) ഇങ്ങനെ പറയുന്നതായി താൻ കേട്ടുവെന്ന് സർബി പറയുന്നു: ഒരു വൃദ്ധൻ നബി(സ)യെ കാണാൻ വന്നു. അയാൾക്ക് ഇരിക്കാൻ സ്ഥലം കൊടുക്കാൻ ജനങ്ങൾ കൂട്ടാക്കിയില്ല. അപ്പോൾ നബി(സ) പറഞ്ഞു: "നമ്മളിൽ ചെറിയവരോട് കരുണ കാണിക്കാത്തവനും നമ്മളിലെ പ്രായംചെന്നവരെ ബഹുമാനിക്കാത്തവനും നമ്മിൽപെട്ടവനല്ല."

വലിയ വലിയ മജ്ലിസുകൾ ഉണ്ടാകുമ്പോൾ, ജുമുഅ, ജൽസാ വേളകളിലും വീടുകളിലും ചിലപ്പോൾ ഇങ്ങനെ ഉണ്ടാകാറുണ്ട്. മജ്ലിസ് അൻസാറുല്ലായുടെ ഇജ്തിമാഇന്റെ അവസരത്തിലും ഞാനൊരിക്കൽ ഇത് പറഞ്ഞിരുന്നു. പ്രായംചെന്നവർ നില്ക്കുകയും, പ്രായം കുറഞ്ഞവർ ഇരിക്കുകയും ചെയ്യുന്നത് കാണാനിടയായി. അവർക്ക് സ്ഥലം കൊടുക്കേണ്ടതാണ്.

ഈ സ്വഭാവവും, ഓരോ അഹ്മദികളിലും കുട്ടികളിലും യുവാക്കളിലും വൃദ്ധരിലും കാണേണ്ടതാണ്. ഇതുമുഖേന നബി(സ)യുടെ ദുആകളിലും നമ്മൾ ഭാഗഭാക്കാകും. നമ്മിൽപ്പെട്ടവരല്ല എന്ന് അവിടന്ന് പറഞ്ഞില്ലേ? നമ്മിൽപ്പെട്ടവരല്ലെങ്കിൽ പിന്നെ എങ്ങനെയാണ് അവിടത്തെ ദുആയിൽ ഭാഗഭാക്കാകുന്നത്. നബി(സ) തന്റെ ഉമ്മത്തിനു വേണ്ടി ചെയ്ത ഓരോ ദുആകളിലും ഭാഗഭാക്കാകുന്നതിന്, ഓരോരുത്തരും ഓരോ കർമ്മവും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇതിനുപുറമെ സമൂഹത്തിലും സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം ഉണ്ടാകും.

ഹദ്റത്ത് റസൂൽകരീം(സ) സ്വർഗ്ഗവാസിയുടെ അടയാളങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു, സ്വർഗ്ഗവാസികൾ മൂന്നുതരത്തിലുണ്ട്. നീതി ഇഷ്ടപെടുകയും അധികമധികമായി ദാനധർമ്മങ്ങൾ ചെയ്യുകയും ബുദ്ധിമതികളുമായ രാജാക്കന്മാർ, കരുണ ചെയ്യുന്ന ആളുകൾ, ബന്ധുക്കളോടും മുസ്ലിംകളോടും ദയയോടെ പെരുമാറുന്നവർ. മൂന്നാമത്തെ തരക്കാരെ കുറിച്ചു പറഞ്ഞു, ആവശ്യക്കാരായിരുന്നിട്ടും ചോദിച്ചുനടക്കാത്തവരും, ദാനം ചെയ്യുന്നവരും.

നുഅ്മാൻബിൻ ബശീർ(റ) പറയുന്നു: "നബികരീം(സ) മിമ്പറിൽനിന്നുകൊണ്ട് പറഞ്ഞു. കുറച്ച് കാര്യത്തിൽ നന്ദി കാണിക്കാത്തവൻ അധികം കാര്യങ്ങളിലും നന്ദി കാണിക്കുകയില്ല. ജനങ്ങളോട് നന്ദി കാണിക്കാത്തവർ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. അല്ലാഹു നല്കിയ അനുഗ്രഹത്തെക്കുറിച്ച് പറയുന്നത് നന്ദിയാണ്. അത് പറയാതിരിക്കുന്നത് നന്ദികേടാണ്. ജമാഅത്ത് കാരുണ്യമാണ്. ജമാഅത്തിൽനിന്ന് വേർപെട്ട് ജീവിക്കൽ നാശമാണ്." അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ പങ്കുചേരാൻ തൗഫീഖ് നല്കി എന്നതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഇതുമുഖേന നാം അല്ലാഹുവിന്റെ കാരുണ്യത്തെ കരസ്ഥമാക്കുന്നവരായിത്തീർന്നു. ഇങ്ങനെ അല്ലാഹു കാരുണ്യത്തിന്റെ അധികമായയൊരു കവാടം നമുക്ക്

തുറന്നു തന്നിരിക്കുകയാണ്. അതിന് നാം നന്ദി കാണിക്കുന്നതിനോടൊപ്പം മനുഷ്യകുലത്തോടുള്ള ദയയുടെ ആവശ്യവും നാം പൂർത്തീകരിക്കേണ്ടതാണ്. അത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന സന്ദേശം ലോകത്തിന് എത്തിച്ചുകൊടുക്കുക എന്നതാണ്. അല്ലാഹു അവരെ നേരായ മാർഗ്ഗത്തിൽ നടത്തുന്നതിനും സന്മാർഗ്ഗത്തിൽ നിലനിറുത്തുന്നതിനും സത്യം മനസ്സിലാക്കാൻ അവർക്ക് തൗഫീഖ് കിട്ടുന്നതിനും വേണ്ടി ദുആ ചെയ്യുകയും വേണം.

സത്യവിശ്വാസികൾ പരസ്പരം സ്നേഹവും കാരുണ്യവും എങ്ങനെ അനുവർത്തിക്കണം, നബി (സ) എന്താണ് അത് സംബന്ധമായി നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ ഇനി പറയുന്ന നിവേദനത്തിൽനിന്ന് വ്യക്തമാണ്.

നബി(സ) പറഞ്ഞു: "പരസ്പരം സ്നേഹത്തിലും വാത്സല്യത്തിലും ദയാദാക്ഷിണ്യത്തിലും സത്യവിശ്വാസികൾ ഒരൊറ്റ ശരീരം പോലെയാണ്. വല്ല അവയവത്തിനും രോഗം ബാധിച്ചാൽ തന്റെ ശരീരത്തിലെ മറ്റ് ഭാഗങ്ങളെല്ലാം ഉറക്കമിളച്ചും പനിച്ചും അനുഭാവം പ്രകടിപ്പിക്കുന്നു.

ശരീരത്തിന്റെ ഈ അവസ്ഥ, രോഗിയായിരിക്കുമ്പോഴുള്ള അവസ്ഥയായിരിക്കും സത്യവിശ്വാസികളുടേത്. നഷ്ടം ഉണ്ടാക്കുന്നതിനു പകരം, അനുഭാവം പ്രകടിപ്പിക്കേണ്ടതാണ്. അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ഇതാണ് ഇസ്‌ലാമിക സമൂഹം. ഇത് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ദാനമായി റഹ്മത്തുൻല്ലിൽ ആലമീൻ, നമ്മുടെ ഉള്ളിൽ ഉണ്ടാക്കാൻ നമ്മോടു ഉപദേശിച്ചിരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മൃഗങ്ങളോട് എങ്ങനെയാണ് പെരുമാറിയതെന്ന് നിങ്ങൾ നോക്കുക. ഹദ്റത്ത് അബൂഉമാമ വിവരിക്കുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: "അറുക്കാൻ പോകുന്ന മൃഗത്തോടാണെങ്കിലും ആരെങ്കിലും കരുണ കാണിച്ചാൽ, അല്ലാഹു പുനരുത്ഥാനനാളിൽ അവനോട് കരുണയോടെ പെരുമാറും." മൃഗങ്ങളെ അറുക്കുമ്പോഴും കരുണ കാണിക്കണമെന്നാണ് നിർദ്ദേശം. നല്ല മൂർച്ചയുള്ള കത്തിയായിരിക്കണം. ബുദ്ധിമുട്ടുണ്ടാക്കാൻ പാടില്ല. എത്രയും വേഗം അറുക്കുകയും വേണം.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. മുആവിയബിൻ കുർറ തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. ഒരാൾ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, ഞാൻ മാടുകളെ അറുക്കുമ്പോൾ അവയോട് കരുണ കാണിക്കുന്നു. അതു കേട്ടപ്പോൾ അവിടന്ന് പറഞ്ഞു: "താങ്കൾ അവയോടു കരുണ കാണിച്ചിട്ടുണ്ടെങ്കിൽ, അല്ലാഹുവും താങ്കളോട് കരുണയോടെ പെരുമാറുന്നതാണ്." ഇത് അവിടന്ന് രണ്ടു പ്രാവശ്യം ആവർത്തിച്ചു. മൃഗങ്ങളോട് കരുണയോടെ, പെരുമാറുന്നതിന് ഇത്രമാത്രം പ്രാധാന്യമുണ്ട്.

ഒരിക്കൽ നബി(സ) യാത്രയിൽ ഒരിടത്ത് തമ്പടിച്ചു. അപ്പോൾ ഒരു പക്ഷി നബി(സ) വിശ്രമിച്ചിരുന്ന സ്ഥലത്ത് വന്ന് ചിലയ്ക്കാൻ തുടങ്ങി. തന്റെ കൂടെയുള്ളവരോട് ആരെങ്കിലും അതിന്റെ കൂട്ടിൽനിന്ന് മുട്ടയെടുത്തിട്ടുണ്ടോ എന്ന് അവിടന്ന് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ ഞാനാണ് അതിന്റെ മുട്ടയെടുത്തതെന്ന് ഒരാൾ പറഞ്ഞു. ഈ പക്ഷിയോട് ദയ കാണിച്ച് ആ മുട്ട അതിന്റെ കൂട്ടിൽകൊണ്ടുപോയി വയ്ക്കാൻ നബികരീം(സ) അയാളോട് പറഞ്ഞു.

ഒരു ഒട്ടകത്തെക്കുറിച്ചുള്ള സംഭവവും ചരിത്രത്തിൽ കാണാം. അവിടന്ന് അതിന്റെ കണ്ണുകൾ നോക്കി. അതിന്റെ വിഷമം തിരിച്ചറിഞ്ഞു. അതിനോട് അക്രമം കാണിക്കരുതെന്ന് അതിന്റെ ഉടമയോട് അവിടന്ന് പറഞ്ഞു. മൃഗങ്ങളോട് കരുണയോടെ പെരുമാറിയാൽ നിങ്ങളോടും അല്ലാഹു കരുണയോടെ പെരുമാറുമെന്ന് അവിടന്ന് സുവാർത്ത അറിയിക്കുകയും ചെയ്തു.

നബി(സ)യുടെ കാലത്ത് ചിലപ്പോൾ ആളുകൾ, അവിടത്തെ റഹ്മത്തുൻല്ലിൽ ആലമീൻ എന്ന പദവിയെ ശ്രദ്ധിക്കാതെ, നബിയോട് ചില കാര്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഉദാഹരണത്തിന്, ചിലപ്പോൾ ചിലർക്കെതിരിൽ ശാപപ്രാർത്ഥന ചെയ്യാൻ പറയും. നബി(സ) പൊതുവെ അക്കാര്യത്തെ ശ്രദ്ധിക്കാറുണ്ടായിരുന്നില്ല. ആരെങ്കിലും വാശിപിടിച്ചാൽതന്നെ അങ്ങേയറ്റം സ്നേഹത്തോടെ അവരെ ഉപദേശിച്ചിരുന്നു. ആർക്കെതിരിലാണോ പരാതിപെട്ടിട്ടുള്ളത് അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇതുപോലൊരു നിവേദനം കാണാം.

ഹദ്റത്ത് അബ്ദുർറഹ്മാനിബ്നു ഔഫ്(റ) സ്വതന്ത്രനാക്കിയ അടിമ മീനാ പറയുന്നു: ഞാൻ ഹദ്റത്ത് അബൂഹുറയ്റ(റ) ഇങ്ങനെ പറയുന്നതായി കേട്ടു. ഞങ്ങൾ നബിയുടെയടുക്കലുണ്ടായിരുന്നപ്പോൾ ഒരാൾ വന്നു. അയാൾ ഖയ്സ് ഗോത്രത്തിലെ വ്യക്തിയായിരുന്നു എന്നാണ് എന്റെ ഓർമ്മ. അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! ഹിമയറിനെ ശപിച്ചാലും. അവിടന്ന് അത് ചെയ്തില്ല. വീണ്ടും മറ്റൊരു ഭാഗത്തൂടെ വന്ന് അയാൾ ഇതു തന്നെ പറഞ്ഞു. അവിടന്ന് വീണ്ടും അത് ചെയ്തി

ല്ല. എന്നിട്ട് അവിടന്ന് പറഞ്ഞു, അല്ലാഹു ഹിമയറിന്റെ മേൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെ വായ സംരക്ഷണമാണ്. അവരുടെ കൈ ജനങ്ങൾക്ക് ഭക്ഷണം ഒരുക്കിക്കൊടുത്തതുമാണ്. അവർ സമാധാനപ്രിയരും വിശ്വാസികളുമാണ്.

നോക്കുക, എത്ര മനോഹരമായിട്ടാണ് നബി(സ) ഈ വന്നയാളുടെ സ്വഭാവത്തെ നന്നാക്കിത്തീർത്തത്. അയാളെ ഒന്നും പറയാതെ അയാൾക്കു വേണ്ടി ദുആ ചെയ്തു. അയാളോട് ദുആ ചെയ്യാനും അതാണ് നന്മയെന്നും പറയുകയും ചെയ്തു. ഇതാണ് സത്യവിശ്വാസികളുടെ പരസ്പരമുള്ള പെരുമാറ്റം. ഇതുമുഖേന സ്നേഹവും സന്തോഷവും വർദ്ധിക്കുന്നു. മനുഷ്യൻ മനുഷ്യനെ വിലമതിക്കുന്നു.

ഇനി അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കുന്നതിനായി നബി(സ) തിരുമേനി നമ്മളെ പഠിപ്പിച്ച ഒരു പ്രാർത്ഥനയാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു. “അല്ലാഹുവേ, ആകാശവും ഭൂമിയും സൃഷ്ടിച്ചിട്ടുള്ളവനേ, രഹസ്യവും പരസ്യവും എല്ലാം അറിയുന്നവനേ, മുഹമ്മദ്(സ) നിന്റെ ദാസനും ദൂതനുമാണ്. നീ എന്നെ എന്റെ ശരീരേച്ഛയ്ക്ക് ഏല്പിച്ചുകൊടുക്കുകയാണെങ്കിൽ അത് എന്നെ തിന്മയുടെ അടുത്തേക്ക് കൊണ്ടുപോകുകയും നന്മയിൽനിന്ന് അകറ്റിക്കളയുകയും ചെയ്യും. നിന്റെ കാരുണ്യത്തെ മാത്രമേ എനിക്ക് വിശ്വാസമുള്ളൂ. അതുകൊണ്ട് നീ പുനരുത്ഥാനനാളിൽ എനിക്കായി പൂർത്തീകരിക്കുന്ന ഒരു വാഗ്ദാനം നിന്റെ പക്കൽ എഴുതിവെക്കേണമേ. നീ വാഗ്ദാനം ലംഘിക്കുന്നവനല്ല.

‘‘ആരാണോ ഇങ്ങനെ പ്രാർത്ഥിക്കുന്നത് അല്ലാഹു തന്റെ മലക്കുകളോട് പുനരുത്ഥാനനാൾ പറയും, എന്റെ ദാസൻ എന്നിൽനിന്ന് ഒരു കരാർ വാങ്ങിയിരുന്നു. അത് അവന് പൂർത്തിയാക്കിക്കൊടുക്കുക. പിന്നീട് അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും.”

ഈ പ്രാർത്ഥന, ഈ കരാർ, നമ്മോട് വിളിച്ചോതുന്നത് നമ്മുടെ ആത്മാവിനെക്കുറിച്ചും പരിശോധിച്ചുകൊണ്ടിരിക്കണമെന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും യാചിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള കർമ്മങ്ങളും ചെയ്യാൻ ഗൗനിക്കേണ്ടതാണ്. അല്ലാഹുവിനോട് കരുണ ചോദിച്ചുകൊണ്ടിരിക്കുമ്പോൾ നന്മ ചെയ്യാനുള്ള തൗഫീഖ് കിട്ടിക്കൊണ്ടിരിക്കും.

നബി(സ) തിരുമേനി ചെയ്ത മറ്റൊരു പ്രാർത്ഥന കൂടി പറയാം. ഖാലിദ്ബിൻ ഉംറാൻ നിവേദനം ചെയ്യുന്നു. ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു. നബി(സ) തിരുമേനി തന്റെ അനുചരന്മാർക്കു വേണ്ടി ദുആ ചെയ്യാതെ മജ്ലിസിൽനിന്ന് വളരെ കുറച്ചേ എഴുന്നേൽക്കാറുണ്ടായിരുന്നുള്ളൂ. അല്ലാഹുവേ, നിന്നോടുള്ള ഭയത്തെ ഞങ്ങളുടേയും നിന്നോടുള്ള ഞങ്ങളുടെ അനുസരണക്കേടിന്റേയും ഇടയിൽ നീ മറയാക്കേണമേ. നിന്റെ സ്വർഗ്ഗം വരെ ഞങ്ങളെ എത്തിക്കുംവിധമുള്ള അനുസരണത്തിന് ഞങ്ങൾക്ക് തൗഫീഖ് നൽകേണമേ. ഭൗതികമായ വിഷമങ്ങൾ എളുപ്പമാകുംവിധമുള്ള ദൃഢവിശ്വാസം ഞങ്ങൾക്ക് നൽകേണമേ. നീ ഞങ്ങൾക്ക് ആയുസ് നൽകുവോളം ഞങ്ങളുടെ ചെവികളേയും ഞങ്ങളുടെ കണ്ണുകളേയും ഞങ്ങളുടെ ശക്തികളേയും പ്രയോജനപ്പെടുത്താനുള്ള തൗഫീഖ് നൽകേണമേ. ഈ കഴിവുകളിൽനിന്ന് ഞങ്ങളുടെ അനന്തരാവകാശികളെ സൃഷ്ടിക്കേണമേ. ഞങ്ങളോട് അക്രമം കാണിക്കുന്നവരോട് നീ തന്നെ പകരം വീട്ടേണമേ. ഞങ്ങളുടെ ശത്രുക്കൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ദീൻ കൊണ്ട് ഞങ്ങൾക്ക് വിപത്തുകൾ ഉണ്ടാക്കരുതേ. ഭൗതികമായ സ്വത്ത് സമ്പാദിക്കുക എന്നതുമാത്രം ഞങ്ങളുടെ വലിയ ചിന്തയും ഞങ്ങളുടെ അറിവിന്റെ ലക്ഷ്യവും ആക്കരുതേ. ഞങ്ങളുടെമേൽ കരുണ കാണിക്കാത്തവരെ ഞങ്ങളുടെ നേതാക്കളാക്കരുതേ.”

ഈ ദുആ ഇക്കാലത്ത് അഹ്മദികൾ അധികമധികമായി ചൊല്ലേണ്ടതാണ്. ഏതോതൊക്കെ നാട്ടിലാണോ അക്രമികളായ ഭരണാധികാരികൾ അഹ്മദികളേയും അവിടത്തെ പ്രജകളേയും അക്രമത്തിന്റെ ചക്കിലിട്ട് ആട്ടുന്നത് അത്തരം ഭരണാധികാരികളിൽ നിന്ന് അല്ലാഹു അവരെ രക്ഷിക്കുമാറാകട്ടെ. ഓരോ സ്ഥലത്തും തങ്ങളുടെ മതപരമായ കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് സ്വതന്ത്രമായി ജീവിക്കാൻ അഹ്മദികൾക്ക് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

നബി(സ)യുടെ ജീവിതത്തിൽ റഹ്മാനിയ്യത്തിന്റെ വെളിപെടലിനെ സംബന്ധിച്ച് വന്നിട്ടുള്ള ചില കാര്യങ്ങളും ഞാൻ പറയാം. ഹദ്റത്ത് ഉബൈബിൻ കഅ്ബ് പറയുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) മറ്റാരും ചോദിക്കാൻ മുതിരാത്ത കാര്യങ്ങളെ സംബന്ധിച്ച് ചോദിക്കാൻ ധൈര്യം കാണിക്കാറുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ നുബുവ്വത്തിന്റെ കാര്യത്തിൽ അങ്ങ് ഏറ്റവും ആദ്യം കണ്ടത് എന്തായിരുന്നു? നബി(സ) തിരുമേനി ഇരുന്നുകൊണ്ട് പറഞ്ഞു: “അബൂഹുറയ്റ(റ) താങ്കൾ ചോദിച്ച കാര്യം പത്തുവർഷവും കുറച്ചു മാസവും

എനിക്ക് പ്രായമുള്ളപ്പോൾ നടന്ന സംഭവത്തെക്കുറിച്ചാണ്. മുകളിൽനിന്ന് വരുന്ന ഒരു ശബ്ദത്തിൽനിന്ന് ഞാൻ എന്താണ് കേൾക്കുന്നത്, ഒരാൾ മറ്റൊരാളോട് ഇയാൾ അയാൾ തന്നെയാണോ എന്ന് ചോദിക്കുന്നതാണ്. മറ്റേയാൾ, അതെ എന്ന് മറുപടി പറഞ്ഞു. പിന്നീട്, അവർ എന്റെ മുമ്പിൽ വന്നു. അത്തരം സൗന്ദര്യമുള്ള മുഖം സൃഷ്ടികളിൽ ഒന്നിലും ഞാൻ കണ്ടിട്ടില്ല. സൃഷ്ടികളിൽ അതിനു മുമ്പേ ഒരിക്കലും ഞാൻ കണ്ടിട്ടില്ലാത്ത ആത്മാക്കളായിരുന്നു അത്. ആരിലും ഞാൻ കണ്ടിട്ടില്ലാത്ത വസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. അവർ നടന്ന് എന്റെയടുക്കൽ വന്നു. അവർ രണ്ടുപേരും എന്റെ ഓരോ കൈയിലും പിടിച്ചു. പക്ഷേ, എന്റെ ശരീരത്തിൽ ആ പിടിത്തം അനുഭവപ്പെട്ടില്ല. അവരിലൊരാൾ തന്റെ കൂട്ടുകാരനോട് പറഞ്ഞു ഇവന്റെ നെഞ്ച് പിളർക്കുക. ഒരാൾ എന്റെ നെഞ്ചിലേക്ക് കുനിഞ്ഞു. അത് പിളർന്നു. പക്ഷേ, ഞാൻ ചോര കണ്ടില്ല. എനിക്ക് വേദന തോന്നിയതുമില്ല. അയാൾ തന്റെ കൂട്ടുകാരനോട് പറഞ്ഞു. പകയും അസൂയയും ഇതിൽനിന്ന് നീക്കുക. പിന്നീട് മാംസപിണ്ഡംപോലെ എന്തോ ഒന്ന് എടുത്ത് ദൂരത്തേക്കെറിഞ്ഞു. അതിനുശേഷം അയാൾ തന്റെ സുഹൃത്തിനോട് പറഞ്ഞു: 'ഇനി അലിവും കരുണയും ഉള്ളിൽ വെക്കുക.' അയാൾ വെള്ളിപോലെ എന്തോ ഒരു സാധനമെടുത്ത്, എന്റെ വലതുകാലിന്റെ തള്ളവിരൽ പിടിച്ചുകുലുക്കിക്കൊണ്ട് പറഞ്ഞു, എഴുന്നേൽക്കുക, സമാധാനത്തോടുകൂടി പോവുക. പിന്നീട് എല്ലാ കുട്ടികളോടും മൃദുലതയും അനുകമ്പയും എല്ലാ മുതിർന്നവരോട് കരുണയുടെ വികാരവും അലതല്ലുന്ന അവസ്ഥയിൽ ഞാൻ മടങ്ങിപ്പോന്നു.'' ഈ കാഴ്ചയ്ക്കുശേഷം കുട്ടിക്കാലം മുതൽക്കുതന്നെ അല്ലാഹു നബി(സ)യുടെ മനസ്സിൽ കാരുണ്യത്തിന്റെ വികാരം നിറച്ചിരുന്നു. പിന്നീട് അത് മെല്ലെ മെല്ലെ വ്യാപനം ചെയ്തു. നുബൂവ്വത്തിനുശേഷം അത് പൂർണ്ണത പ്രാപിച്ചു.

ഹദ്റത്ത് അനസിബ്നു മാലിക്(റ) പറയുന്നു. വീട്ടുകാരോട് കാരുണ്യത്തോടെ പെരുമാറുന്നവരിൽ നബി(സ)യെ പോലെ മറ്റൊരാളെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയോട് പറയപ്പെട്ടു. അല്ലാഹുവിന്റെ റസൂലേ, ബഹുദൈവരാധകർക്കെതിരിൽ ശാപപ്രാർത്ഥന നടത്തിയാലും. അവിടന്ന് പറഞ്ഞു. ശാപം ചൊരിയുന്നവനായിക്കൊണ്ട് ഞാൻ അയക്കപ്പെട്ടിട്ടില്ല. അടിമുതൽ മുടിവരെ കാരുണ്യമായിക്കൊണ്ടാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്.

ആദ്യം ഞാൻ പറഞ്ഞ ഉദാഹരണത്തിൽ ആരോ വന്നിട്ട് ഇന്നവരുടെമേൽ ശാപം ചൊരിയുക എന്നു പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞ മറുപടി നാം കണ്ടതാണ്. അയാൾക്കുവേണ്ടിയും അവിടന്ന് ദുആ ചെയ്തു. ഇവിടെ ബഹുദൈവാരാധകരുടെമേൽ ശാപം ചൊരിയാനാണ് പറഞ്ഞത്. എന്നിട്ടും അവിടന്ന് പറയുന്നു. ശാപം ചൊല്ലുന്നവനായിക്കൊണ്ട് ഞാൻ അയക്കപ്പെട്ടിട്ടില്ല. ഈ റഹ്മത്തുൻല്ലിൽ ആലമീന്റെ ജീവിതമാതൃകയെ സ്വായത്തമാക്കാൻ ഇന്ന് മുസ്‌ലിം സമുദായം ശ്രമിക്കുകയും ശാപവും വഴക്കും ലഹളയും അക്രമവും കൈവെടിഞ്ഞ് എല്ലാവരോടും കാരുണ്യത്തോടെ പെരുമാറുന്നവരായിത്തീരുകയും ചെയ്യുമെങ്കിൽ അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി മാറും.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. തുഫൈലിബ്നു അംറ് അദ്ദൗസി(റ)ഉം അദ്ദേഹത്തിന്റെ അനുയായികളും നബി(സ)നെ സന്ദർശിച്ചു. അവർ പറഞ്ഞു: അല്ലാഹുവിന്റ റസൂലേ, ദൗസ് ഗോത്രം ഇസ്‌ലാം സ്വീകരിക്കുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ദൗസ് ഗോത്രത്തെ നശിപ്പിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും. അപ്പോൾ ദൗസ് ഗോത്രം നശിക്കട്ടെയെന്ന് അവരുടെ കൂട്ടത്തിൽ ചിലർ പ്രാർത്ഥിക്കുകയും ചെയ്തു. എന്നാൽ, നബി(സ) പ്രാർത്ഥിച്ചത് ഇപ്രകാരമാണ്. "അല്ലാഹുവേ, ദൗസ് ഗോത്രത്തിന് നീ മാർഗ്ഗദർശനം നൽകുകയും അവരെ ഇസ്‌ലാമിലേക്ക് കൊണ്ടുവരികയും ചെയ്യേണമേ." ഇതായിരുന്നു ഓരോരുത്തരോടും ഉണ്ടായിരുന്ന നബി(സ)യുടെ കാരുണ്യത്തിന്റെ വികാരം.

ഹദ്റത്ത് അനസ്(റ) പറയുന്നു. നബി(സ)യുടെ പരിചാരകനായിരുന്ന ഒരു യഹൂദി കുട്ടിയുണ്ടായിരുന്നു. അവന് സുഖമില്ലാതെയായി. നബി(സ) അവനെ കാണാൻ ചെന്നു. തലഭാഗത്തിരുന്ന് വിശേഷങ്ങൾ തിരക്കി. ഇസ്‌ലാം സ്വീകരിക്കാൻ പറഞ്ഞു. ആ കുട്ടി തന്റെ പിതാവിനെ നോക്കി. അയാൾ പറഞ്ഞു. ഖാസിമിന്റെ ഉപ്പ പറയുന്നത് കേട്ടുകൊൾക. അങ്ങനെ അവൻ ഇസ്‌ലാം മതം സ്വീകരിച്ചു. നബി(സ) സന്തോഷത്തോടെ ഇങ്ങനെ പറഞ്ഞുകൊണ്ട് തിരിച്ചുവന്നു, അവനെ നരകത്തിന്റെ അഗ്നിയിൽ നിന്ന് രക്ഷിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

തന്നെ സേവിക്കുന്ന ഒരാൾദൈവകോപത്തിന് വിധേയനാകുന്നത് നബി(സ) ഇഷ്ടപ്പെട്ടില്ല. മുസ്‌ലിംകളുടെ എണ്ണം വർദ്ധിപ്പിക്കുകയായിരുന്നില്ല അവിടത്തെ ഉദ്ദേശ്യം. പരിചാരകനായിരുന്ന കാലത്ത് നബി(സ) തന്റെ സന്ദേശം അയാളോട് പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ, വിശ്വസിക്കാൻ സമ്മർദ്ദം ചെലു

ത്തിയില്ല. മരിക്കാൻ പോകുന്ന ഘട്ടത്തിലാണ് അവനെ തീയിൽനിന്ന് രക്ഷിക്കുന്നതിനു വേണ്ടി മാത്രം ഇസ്‌ലാം വിശ്വസിക്കാൻ പറഞ്ഞത്. അവൻ അത് സ്വീകരിച്ചപ്പോൾ സന്തോഷിക്കുകയും ചെയ്തു.

നമ്മുടെ എതിരാളികൾ പറയുന്നത് ഇസ്‌ലാം വാൾ കൊണ്ട് പരന്നു എന്നാണ്. നബി(സ) ബലാൽക്കാരം പഠിപ്പിച്ചുവത്രെ! അവർ ആക്ഷേപിക്കുന്നുവെന്നതല്ലാതെ യാഥാർത്ഥ്യത്തിന് മറുപടി പറയാൻ അവർക്ക് കഴിയില്ല. നബി(സ)യുടെ ജീവിതത്തിൽ ഒരുപാട് ഉദാഹരണങ്ങൾ കാണാം. എന്നാൽ, ഒരിടത്തും നിർബന്ധിച്ച് ആരെയെങ്കിലും മതം മാറ്റിയതായി കാണുകയില്ല. അവിടത്തെ സ്നേഹവും ദയയും കൊണ്ടുമാത്രമാണ് ജനങ്ങൾ ഇസ്‌ലാം സ്വീകരിച്ചത്. എന്നാൽ, കണ്ണുകൾ പൊട്ടിപ്പോയാൽ മനസ്സിനുമേൽ പർദ്ദ വീണാൽ മനുഷ്യന്റെ അവസ്ഥ ഇപ്പറഞ്ഞതൊക്കെയായിരിക്കും.

കുട്ടികളോട് നബി(സ)നുണ്ടായിരുന്ന സ്നേഹത്തെക്കുറിച്ച് ഞാൻ മുമ്പേ പറഞ്ഞതാണ്. നിവേദനത്തിൽ വന്നിരിക്കുന്നു. ഉസാമാ ബിൻ സയ്ദ് പറയുന്നു. ഞാൻ കുട്ടിയായിരിക്കുമ്പോൾ നബി(സ) തിരുമേനി എന്നെ തന്റെ ഒരു തുടയിലിരുത്തും. ഹസനെ മറ്റൊരു തുടയിലും. ഞങ്ങളെ രണ്ടുപേരേയും കെട്ടിപ്പിടിച്ചുകൊണ്ട് "അല്ലാഹുവേ, ഞാൻ ഇവർ രണ്ടു പേരുടേയും മേൽ കരുണ കാണിക്കുന്നു. നീയും ഇവരോട് കരുണയോടെ പെരുമാറേണമേ" എന്ന് ദുആ ചെയ്യുമായിരുന്നു.

നബി(സ)യുടെ ജീവിതത്തിലെ ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. അവിടന്ന് റഹ്മാനായ അല്ലാഹുവിനെ പരിചയപ്പെടുത്തിക്കൊണ്ട് വിവിധ രീതിയിൽ ഉപദേശിച്ചു. എങ്ങനെയാണ് റഹ്മാനായ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുക എന്ന്. എങ്ങനെയാണ് അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കാകുകയെന്ന്. അതിൽ ഭാഗഭാക്കാകുന്നതിന് എങ്ങനെ പരസ്പരം കരുണയോടെ വർത്തിക്കണമെന്ന്. തന്റെ ജീവിതമാതൃക കൊണ്ട് വിശ്വാസികൾക്ക് റഹ്മാനായ അല്ലാഹുവിനെക്കുറിച്ച് ശരിയായ അറിവ് നല്കി. റഹ്മാനായ അല്ലാഹു റഹ്മത്തുൻല്ലിൽ ആലമീനാക്കി നബിയെ അയച്ചുകൊണ്ട് തന്റെ കടമ നിറവേറ്റുകയാണ് ചെയ്തത്; തന്റെ പാഠം കൊണ്ടും തന്റെ മാതൃക കൊണ്ടും നബി അത് പ്രവർത്തിച്ചുകാണിച്ചു. ഈയൊരു സവിശേഷ ഗുണം കൊണ്ടുമാത്രമല്ല മറ്റു ഗുണങ്ങളും ഇങ്ങനെ തന്നെയായിരുന്നു. അതിലും സമ്പൂർണ്ണത കൈവരിച്ചു. അല്ലാഹുവിനെ കുറിച്ചുള്ള ഭയത്തെ സംബന്ധിച്ച് പറയുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. നിങ്ങളിലാർക്കും നിങ്ങളുടെ കർമ്മം മോക്ഷം നൽകുകയില്ല. അനുചരന്മാർ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, അങ്ങേയ്ക്കും അങ്ങനെ തന്നെയാണോ? നബി പറഞ്ഞു. അതെ, അല്ലാഹു തന്റെ റഹ്മാനിയ്യത്ത് മുഖേന എന്നെ പൊതിഞ്ഞാലൊഴികെ.

അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുക എന്നത് മാത്രം ലക്ഷ്യമായിരുന്നൊരു വ്യക്തി, അദ്ദേഹത്തിന്റെ പുതപ്പും വിരിപ്പും അതുതന്നെയായിരുന്നു. അല്ലാഹു നബി(സ)യെക്കുറിച്ച് നബിയെകൊണ്ടുതന്നെ വിശുദ്ധഖുർആനിൽ വിളംബരം ചെയ്യിച്ചു. ***ഖുൽഇന്നസ്സ്വലാത്തി വനുസുക്കി വ മഹ്‌യായ വമമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ***. നീ പറയുക. എന്റെ ആരാധനയും എന്റെ ത്യാഗങ്ങളും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോകനാഥനായ അല്ലാഹുവിനു വേണ്ടിയാണ്. എന്നിട്ടും അവിടന്ന് പറയുന്നത് 'അല്ലാഹുവിന്റെ റഹ്മത്ത് തന്നെ പൊതിയണം' എന്നാകുന്നു. അവിടത്തെ ജീവിതവും മരണവും നമസ്കാരവും ഓരോ വസ്തുവും നന്മയുമെല്ലാം ഏറ്റവും ഉന്നതമായിരുന്നു. അവിടത്തോളം എത്താൻ ആർക്കും സാധിക്കുകയില്ല. നാം കണ്ടതുപോലെ അല്ലാഹുതന്നെ അതിന് സാക്ഷി പറയുന്നു. എന്നിട്ടും അവിടന്ന് പറയുന്നു. എനിക്ക് മോക്ഷം കിട്ടണമെങ്കിൽ അല്ലാഹുവിന്റെ കരുണ ഉണ്ടാകണമെന്ന്. റഹ്മാനായ അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കാൻ അവനോട് അനുഗ്രഹം ചോദിക്കേണ്ടത് നബി തിരുമേനി പഠിപ്പിച്ചതുപോലെ, അല്ലാഹു ഖുർആനിലൂടെ പഠിപ്പിച്ചതുപോലെ അത്യാവശ്യമാണ്. ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് എന്ന് പറയുന്നത് അവന്റെ സന്നിധിയിൽ പ്രണമിക്കുന്നതും അവന്റെ കാരുണ്യം തേടുന്നതും ആയിരിക്കേണ്ടതാണ്. ഇതാണ് സത്യവിശ്വാസികളുടെ അടയാളം. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 26.1.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala